# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.

## (ഹാജർ: ശ്രീമതി പി.മേരിക്കുട്ടി IAS)

വിഷയം: പഞ്ചായത്ത് വകുപ്പ് - ഭരണ ജാഗ്രത - കോട്ടയം ജില്ല - കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത് മുൻ അക്കൗണ്ടന്റ് ശ്രീ. വി. വിനോദ് കുമാറിനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കണമെന്ന അപേക്ഷ - സസ്പെൻഷൻ പുനഃപരിശോധിച്ച് - ഉത്തരവാകുന്നു.

പരാമർശം : 1. ഈ ഓഫീസിലെ 31/03/2017ലെ ഇതേ നമ്പർ ഉത്തരവ്
2. ഈ ഓഫീസിലെ 15/06/2017ലെ ഇതേ നമ്പർ കത്ത്
3. സർക്കാരിന്റെ 21/08/2017ലെ ഇപിബി2/141/2017/തസ്വഭവ നമ്പർ കത്ത്
4. ശ്രീ. വിനോദ് കുമാറിന്റെ 04/10/2017, 16/11/2017 തീയതികളിലെ അപേക്ഷ

## ഉത്തരവ് നമ്പർ ഡി5 - 7439/2017 തീയതി: 08/12/2017

കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത് മുൻ അക്കൗണ്ടന്റ് ശ്രീ. വി.വിനോദ്കുമാർ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുനടത്തിയതായി കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയച്ചതിൽ, വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഈ ഓഫീസിൽ നിന്നും നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം അസ്സിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ചതിൽ നിന്നും അതീവ ഗുരുതരമായ സാമ്പത്തീക ക്രമക്കേടും ധനാപഹരണവും ശ്രീ. വി.വിനോദ്കുമാർ നടത്തിയെന്ന് കണ്ട് ടിയാനെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കാഞ്ഞിരപ്പള്ളി പോലീസിൽ ഐ.പി.സി സെക്ഷൻ 490,420,465 എന്നിവ പ്രകാരം ക്രൈം നമ്പർ 558/2017ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. സംസ്ഥാന ഓഡിറ്റ് വകുപ്പ്, കോട്ടയം ജില്ല ഓഫീസിൽ നിന്നും സ്പെഷ്യൽ ഓഡിറ്റ് നടത്തുകയും ടി ഗ്രാമപഞ്ചായത്ത് ജീവനക്കാർ 7,03,126/- രൂപയിൽ അധികം തുക അപഹരിച്ചിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തിരുന്നു. ടി റിപ്പോർട്ടിലെ കണ്ടെത്തലുകളും നിഗമനങ്ങളും പരിശോധിച്ചതിൽ ഒരു വകുപ്പ്തല നടപടികൊണ്ട് ക്രമക്കേടുകൾക്ക് ഉത്തരവാദികളായ എല്ലാപേരെയും കണ്ടെത്താനോ ധനാപഹരണത്തിന്റെ ആഴം എത്രയെന്ന് കണ്ടെത്താനോ കഴിയുകയുമായിരുന്നില്ല. മേൽ സാഹചര്യം മുൻനിർത്തി കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 305(എ) പ്രകാരവും 20/10/1965 ലെ 32877/എഫ്8/1965/ഹോം സർക്കുലർ മെമ്മോറാണ്ടം പ്രകാരവും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരവും വിജിലൻസ് വകുപ്പ് മുഖേനയുള്ള ഒരു സമഗ്രമായ അന്വേഷണം നടത്തുന്നതിന് പരാമർശം (2) പ്രകാരം സർക്കാരിലേക്ക് ശുപാർശ ചെയ്തിരുന്നു.

പരാമർശം (3) പ്രകാരം സർക്കാർ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തതായി അറിയിച്ചിരുന്നു. 29/09/2017ന് ടിയാന്റെ സസ്പെൻഷൻ 6 മാസം

പരാമർശം (3) പ്രകാരം സർക്കാർ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തതായി അറിയിച്ചിരുന്നു. 29/09/2017ന് ടിയാന്റെ സസ്പെൻഷൻ 6 മാസം പൂർത്തികരിക്കുകയാണെന്നും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് മാത്രമാണ് ഈ വിഷയത്തിൽ ലഭിച്ചിട്ടുള്ളതെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വിശദമായി റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ടിയാന് കുറ്റപത്രം നൽകാനാകുവെന്നും ടിയാന്റെ സസ്പെൻഷൻ പുനഃപരിശോധിക്കേണ്ടതുണ്ടോയെന്നും സ്പഷ്ടീകരണത്തിനായി സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നെങ്കിലും മറുപടി ലഭിച്ചിരുന്നില്ല.

പരാമർശം (4) പ്രകാരം തന്റെ സസ്പെൻഷൻകാലം 6 മാസം പിന്നിട്ടെന്നും തന്നെ സർവ്വീസിലേക്ക് പുനഃപ്രവേശിപ്പിക്കണമെന്നും ശ്രീ. വി.വിനോദ്കുമാർ അപേക്ഷിച്ചിരുന്നു. ഈ വിഷയം വിശദമായി പരിശോധിച്ചു. ഒരു സർക്കാർ ജീവനക്കാരനായിരിക്കേ തനിക്ക് അന്യായമായ ലാഭം ലഭിക്കണമെന്ന ഉദ്ദേശത്തോടും കരുതലോടും കൂടി തന്റെ മേലുദ്ധ്യോഗസ്ഥരെ തെറ്റുധരിപ്പിച്ചുകൊണ്ട് നടത്തിയതായ സാമ്പത്തിക ക്രമക്കേട് അതീവ ഗുരുതരമായി കണക്കാക്കേണ്ടതാണ്. കൂടാതെ ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്. ടിയാനെ പുനഃപ്രവേശിപ്പിച്ചാൽ ആയത് അന്വേഷണത്തിനെ ബാധിക്കാനിടയുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. വി.വിനോദ്കുമാറിന്റെ അപേക്ഷ നിരസിച്ചും ടിയാന്റെ സസ്പെൻഷൻ റിവ്യൂ ചെയ്ത് ദീർഘിപ്പിച്ചും ഉത്തരവാകുന്നു.

(ഒപ്പ്)

**പി.മേരിക്കുട്ടി IAS**

പഞ്ചായത്ത് ഡയറക്ടർ

ഡി5

ശ്രീ. വി.വിനോദ് കുമാർ
മുട്ടുമ്മൽ ഹൗസ്, കരിക്കാട്ടൂർ പി.ഒ
കോട്ടയം - 686544

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
3. സെക്രട്ടറി, വട്ടവട / കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്
4. സിസ്റ്റം മാനേജർ, പഞ്ചായത്ത് ഡയറക്ട്രേറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ / അധികം

**// ഉത്തരവിൻ പ്രകാരം //**

**സൂപ്രണ്ട്**